പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 602 11-07-2012 -ൽ മറുപടിക്ക്.

**കള്ള്ചെത്ത് തൊഴിലാളികളുടെ പ്രക്ഷോഭം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ :<br>" കോടിയേരി ബാലകൃഷ്ണൻ :<br>" ബാബു എം. പാലിശ്ശേരി :<br>ശ്രീമതി കെ. കെ. ലതിക : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കള്ളുചെത്ത് വ്യവസായ തൊഴിലാളികളുടെ സംയുക്ത സമരസമിതി തൊഴിൽ സംരക്ഷണത്തിനും മദ്യനയത്തിനുമെതിരെ പ്രക്ഷോഭത്തിലേർപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. തൊഴിലാളികൾ പ്രധാനമായും ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. കള്ള്ഷാപ്പുകൾ ലൈസൻസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകരുത്.<br>2. കള്ള് ലൈസൻസിംഗ് മാറ്റി ലേലം പുന:സ്ഥാപിക്കുക.<br>3. പൂട്ടിക്കിടക്കുന്ന കള്ള്ഷാപ്പുകൾ 500 രൂപയ്ക്ക് തൊഴിലാളി സമിതിയെ ഏല്പിക്കുക.<br>4. തൊഴിൽ സംരക്ഷണം, വേതനവർദ്ധനവ്. |
| (സി) കള്ളുവ്യവസായ മേഖലയിൽ ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവർ എത്രയാണ്; ഇതിനിടയായ സാഹചര്യം വിശദമാക്കാമോ? | (സി) | കള്ള്ഷാപ്പുകൾ ഏറ്റെടുക്കാൻ ആളില്ലാത്ത സാഹചര്യത്തിലും, വില്പന പോയ കള്ള്ഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിലും ഈ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം എത്രയെന്ന കണക്ക് കൃത്യമായി ലഭ്യമല്ല. ജനവാസ മേഖലകളിൽ പ്രവർത്തിക്കുന്ന കള്ള്ഷാപ്പുകൾക്കെതിരെ ശക്തമായ ബഹുജന പ്രക്ഷോഭം നടക്കുന്നതിനാലും, കള്ളുഷാപ്പുകളിൽ വ്യാജകള്ള് വില്പനയ്ക്കെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടക്കുന്നതിനാലും, പല സ്ഥലങ്ങളിലും കള്ള്ഷാപ്പുകൾ ഏറ്റെടുക്കാൻ ആളില്ലാതെ വരികയും, വില്പന നടന്ന ഷാപ്പുകൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരികയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ